# 'യഹോവ എന്റെ ധൈര്യം'

## സങ്കീർത്തനങ്ങൾ 118:6

'യഹോവ എന്റെ പക്ഷത്തുണ്ട്; ഞാൻ പേടിക്കയില്ല: മനുഷ്യൻ എന്നോട് എന്തു ചെയ്യും.'

ദുർബലനായവനെ ബലവാൻ സഹായിക്കുമ്പോൾ അവൻ ധൈര്യപൂർണ്ണനാകും. ഭയാനകമായത് അധികമായി കാണുകയും, കേൾക്കുകയും സ്വാധീനപ്പെടുത്തുകയും ചെയ്യുന്ന ഒരു ലോകത്തിലാണല്ലോ ഇന്ന് നാം ആയിരിക്കുന്നത്. അതിന്റെ നടുവിലും ഞാൻ പേടിക്കയില്ല എന്ന് ഉറപ്പോടും, ധൈര്യത്തോടും ജീവിതത്തെ നേരിടാൻ സഹായിക്കുന്ന ഒന്നേയുള്ളു - യഹോവ എന്റെ വലത്തു ഭാഗത്തുണ്ട്. യഹോവ എന്റെ പക്ഷത്തുണ്ട് എന്ന ചിന്ത ബലഹീനമായ മനുഷ്യനെ ബലപ്പെടുത്തും.

ദൈവവചനം പഠിപ്പിക്കുന്നു, "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും, സ്നേഹത്തിന്റെയും, സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത." ദൈവിക സാന്നിധ്യവും, പരിശുദ്ധാത്മാവിന്റെ നടത്തിപ്പും മാത്രമാണ് ഒരുവനെ ബലപ്പെടുത്തുന്നത്.

ദൈവം ദാവീദിനെ അഭിഷേകം ചെയ്തതിനുശേഷം, അവൻ കടന്നുപോയ ജീവിതസാഹചര്യങ്ങൾ പ്രതികൂലങ്ങൾ മാത്രമായിരുന്നല്ലോ. എന്നാൽ ദാവീദ് ഇവിടെ പറയുന്നു യഹോവ എന്റെ പക്ഷത്തുണ്ട്. അവനെതിരായി കടന്നു വന്ന സകല മനുഷ്യശക്തികളെയും നിർഭയമായി തരണം ചെയ്ത് ജയിക്കാൻ ദൈവിക സാന്നിദ്ധ്യം മാത്രം മതിയെന്ന് ഇവിടെ വെളിപ്പെടുത്തുന്നു.

ഇന്ന് ജീവിത്തിന്റെ ദുർബലമായ സാഹചര്യങ്ങളുടെ നടുവിൽ ബലവാനായ ദൈവത്തിന്റെ ബലം ശരീരത്തിലും മനസ്സിലും ആത്മാവിലും അനുഭവിക്കാൻ കഴിയട്ടെ. മനുഷ്യൻ വെറുക്കുകയും ഭീക്ഷണിപ്പെടുത്തുകയും, അടിക്കുകയും, നിന്ദിക്കുകയും, വേദനിപ്പിക്കുകയും അതുപോലെ ഏത് അവസ്ഥയുമാകട്ടെ, യഹോവ എന്റെ പക്ഷത്തുണ്ട് അവൻ എന്നെ പ്രത്യേകം കരുതുന്നു. അവൻ എനിക്ക് പരിചയാണ്. ഞാൻ ഭയപ്പെടില്ല, ദൈവത്തിൽ മാത്രം പ്രത്യാശിക്കും എന്ന് ധൈര്യത്തോടെ പറയാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ബലപ്പെടുത്തട്ടേ. ദൈവമക്കൾക്കെതിരായി വരുന്ന സകല മാനുഷിക ശക്തികളും ബലക്കരുത്തില്ലാതെ പോകട്ടെ എന്ന് പ്രാർത്ഥിക്കാം. ''ദൈവത്തിന്റെ ശാസനയാൽ മാനുഷിക രഥങ്ങളും, തേരുകളും ഗാഢനിദ്രയിൽ വഴുതി വീഴും'' എന്നാണല്ലോ വചനത്തിലൂടെ നമുക്ക് കാണിച്ച് തരുന്നത്. ജീവിതത്തിന്റെ സാഹചര്യങ്ങൾ

അനുകൂലമായാലും പ്രതികൂലമായാലും സമീപസ്ഥനായ യേശുവിന്റെ സാന്നിദ്ധ്യം ഓരോ നിമിഷവും രുചിച്ചറിയാം.

പരാമർശം :

സങ്കീർത്തനങ്ങൾ 121:5

യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലത്തുഭാഗത്തു നിനക്കു തണൽ.

യെശയ്യാവു 51:12

ഞാൻ, ഞാൻ തന്നേ, നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ; എന്നാൽ മരിച്ചുപോകുന്ന മർത്യനെയും പുല്ലുപോലെ ആയിത്തീരുന്ന മനുഷ്യനെയും ഭയപ്പെടുവാൻ നീ ആർ?

സിസ്റ്റർ ബിന്ദു റെജി അയ്മനം 003